പ്രധാനമന്ത്രിപദം വഹിക്കുന്നതിനു് അദ്ദേഹത്തിനുള്ള അർഹതയിലും സംശയിക്കുന്നവർ കടുത്ത കക്ഷിരാഷ്ട്രീയക്കാർ മാത്രമാണു്. ഇന്ദിരാഗാന്ധിക്കു നൽകിയ അതേ പിന്തുണ, അടുത്ത തെരഞ്ഞെടുപ്പിൽ, ശ്രീ രാജീവഗാന്ധിക്കും ഇന്ത്യയിലെ ബഹുജനങ്ങൾ നൽകുമെന്നാണു കരുതേണ്ടതു്. പ്രധാനമന്ത്രിപദം ഏറ്റെടുത്തശേഷം, രാജ്യത്തിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനു ശ്രീ രാജീവഗാന്ധി കൈക്കൊണ്ട ദൃഢങ്ങളും ഫലപ്രദങ്ങളുമായ നടപടികളും, അദ്ദേഹത്തിന്റെ അന്തസ്സാർന്ന പെരുമാറവും, മിതവും സാരവുമായ പ്രഖ്യാപനങ്ങളും ഇതിനകം ജനങ്ങൾക്കിടയിൽ അദ്ദേഹത്തിന്റെ മതിപ്പു് വളരെയധികം വളർത്തിയിട്ടുണ്ടു്.

ഏററവുമധികം വെല്ലുവിളികൾ പ്രധാനമന്ത്രി രാജീവഗാന്ധിയെ കാത്തിരിക്കുന്നതു് ആഭ്യന്തരഭരണരംഗത്താണു്. അതിർത്തിക്കപ്പുറത്തു് പാകിസ്ഥാന്റെ ആയുധസംഭരണപരിപാടി എങ്ങനെയിരുന്നാലും, ഉടൻതന്നെ ആ വശത്തുനിന്നു സമാധാനലംഘനം ഉണ്ടാകുമെന്നു ഭയപ്പെടേണ്ടതില്ലെന്നു കരുതാം. പാകിസ്ഥാന്റെ സക്രിയ സഹായത്തോടെ ഒരു ഖാലിസ്ഥാൻ വിമോചനപ്രസ്ഥാനം അടുത്തൊന്നും പഞ്ചാബിൽ ആരംഭിക്കാനും പോകുന്നില്ല. ഇന്ദിരാവധംകൊണ്ടു നടുങ്ങിയ ലോകമനസ്സാക്ഷി അത്തരം സംരംഭങ്ങളെ മുളയിൽത്തന്നെ നുള്ളിക്കളയും.

അന്താരാഷ്ട്രീയരംഗത്തു് ഇന്ദിരാഗാന്ധിയുടെ നയപരിപാടികൾ പിന്തുടരുകയേ പ്രധാനമന്ത്രി രാജീവഗാന്ധി ഇപ്പോൾ ചെയ്യേണ്ടതുള്ളു. സമാധാന പുനഃസ്ഥാപനം, അണ്വായുധ—നിരോധം, പുതിയ ലോക സാമ്പത്തികക്രമം മുതലായ പ്രശ്നങ്ങൾ സംബന്ധിച്ച ചേരിചേരാ രാഷ്ട്രങ്ങളുടെ പ്രവർത്തനങ്ങളിൽ ഇന്ദിരാഗാന്ധി നൽകിവന്ന ഉജ്ജ്വലമായ നേതൃത്വം, ശ്രീ രാജീവഗാന്ധിയിൽനിന്നു നാം പ്രതീക്ഷിക്കേണ്ടതില്ല. എങ്കിലും, ഈ മേഖലയിൽ ഇന്ദിരാഗാന്ധിയുടെ (ജവാഹർലാൽ നെഹ്റുവിന്റെയും) പൈതൃകം കൈമോശം വരാതെ കാത്തുസൂക്ഷിക്കാൻ അദ്ദേഹത്തിനു പ്രയാസമുണ്ടാവില്ല. ലോകനേതാക്കളുമായി സ്നേഹവും സൗഹൃദവും പുനഃസ്ഥാപിക്കാൻ ഇതിനകം തന്നെ അദ്ദേഹത്തിനു സാധിച്ചിട്ടുമുണ്ടു്.

ആപത്തുകളുടെ ഒരു ഇരുണ്ട ചുരത്തിലൂടെയാണു് ഇന്ത്യ ഇപ്പോൾ മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നതു്. പരമാവധി ജാഗ്രത ആവശ്യമായ ഈ കാലഘട്ടത്തിൽ, നിസ്സാരങ്ങളായ കക്ഷിവഴക്കുകൾ മറന്നു്, പുതിയ പ്രധാനമന്ത്രി ശ്രീ രാജീവഗാന്ധിക്കു് പൂർണമായ സഹകരണം നൽകുകയാണു് ഓരോ ഇന്ത്യൻ ദേശഭക്തന്റേയും കടമ.

(6 നവംബർ, 1984)

# 30. നൈരന്തര്യവും പരിവർത്തനവും

ഇന്ദിരാഗാന്ധിയുടെ ആകസ്മികവും ദാരുണവുമായ മരണത്തെത്തുടർന്നു് ഇന്ത്യയുടെ പ്രധാനമന്ത്രിയായി സ്ഥാനമേററു് പന്ത്രണ്ടു ദിവസങ്ങൾക്കു ശേഷം, നവംബർ 12-ാം തീയതി, ശ്രീ രാജീവഗാന്ധി രാഷ്ട്രത്തോടു മുഴുവനുമായി ടെലിവിഷനിലൂടെയും റേഡിയോവിലൂടെയും അതിപ്രധാനമായ ഒരു പ്രസംഗം ചെയ്യുകയുണ്ടായി. താൻ നേതാവായിരിക്കെ ഇന്ത്യാഗവണ്മെന്റ് ആഭ്യന്തര—വിദേശരംഗങ്ങളിൽ അനുവർത്തിക്കാനുദ്ദേ

ശിക്കുന്ന നയത്തെ സംബന്ധിച്ച വ്യക്തമായ ഒരു പ്രഖ്യാപനം എന്ന നിലയ്ക്കാണ് ഈ പ്രസംഗത്തിൻെറ പ്രാധാന്യം.

ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായിരുന്ന ജവാഹർലാൽ നെഹ്റു ആവർത്തിച്ച് ഉദ്ബോധിപ്പിക്കാറുള്ള രാഷ്ട്രീയ ലക്ഷ്യമായിരുന്നു 'നൈരന്തര്യവും പരിവർത്തനവും.' സഹസ്രാബ്ദങ്ങളായി മനുഷ്യവർഗത്തിനു മാർഗദർശനം നൽകിവന്ന മഹനീയമായ ഒരു സംസ്കാരം ഇന്ത്യയ്ക്കുണ്ട്. അതേസമയം, അടുത്ത ഏതാനും ശതാബ്ദങ്ങളിൽ മനുഷ്യവർഗത്തിലെ ചില വിഭാഗങ്ങൾ നേടിയെടുത്ത വ്യാവസായിക സഭ്യത ഉൾക്കൊള്ളുന്നതിൽ ഇന്ത്യ പരാജയപ്പെട്ടിരിക്കുകയുമാണ്. പഴയ മാനവിക സംസ്കാരത്തിലെ ഏററവും നല്ല അംശങ്ങൾ കൈവിടാതെ തന്നെ, പുതിയ വ്യാവസായിക–യാന്ത്രിക–ശാസ്ത്രീയ–സഭ്യത ആത്മസാത്ക്കരിച്ചു ഭാരതീയ ജനത സ്വയം നവീകരിക്കണമെന്ന സന്ദേശമാണ് 'നൈരന്തര്യവും പരിവർത്തനവും' എന്ന ലക്ഷ്യം പ്രഖ്യാപിക്കുമ്പോൾ ജവാഹർലാൽ നെഹ്റു തൻെറ നാട്ടുകാർക്കു നൽകിയിരുന്നത്.

ശ്രീ രാജീവഗാന്ധിയുടെ നയപ്രഖ്യാപന പ്രസംഗത്തിലും ഉന്നയിക്കപ്പെട്ടിട്ടുള്ളത് 'നൈരന്തര്യവും പരിവർത്തനവു'മെന്ന ലക്ഷ്യംതന്നെയാണ്. പക്ഷേ, ഭാരതീയസംസ്കാരത്തിലെ സനാതനമൂല്യങ്ങളുടെ നൈരന്തര്യത്തെക്കാളേറെ, സ്വതന്ത്രഭാരതത്തിൻെറ പ്രധാനമന്ത്രിമാരായിരിക്കെ ജവാഹർലാൽ നെഹ്റുവും ഇന്ദിരാഗാന്ധിയും പിൻതുടർന്നുവന്ന നയങ്ങളുടെ നൈരന്തര്യമാണ് ശ്രീ രാജീവഗാന്ധി പ്രഖ്യാപിക്കാനുദ്ദേശിച്ചതു്. മതനിരപേക്ഷതയും സോഷ്യലിസവും പുലർത്തിക്കൊണ്ട് ഇന്ത്യയുടെ രാഷ്ട്രീയവും സാമ്പത്തികവുമായ അടിത്തറ ഭദ്രമാക്കുന്നതോടൊപ്പം കൊളോണിയൽവാഴ്ചയുടെ അവശിഷ്ടങ്ങൾ തുടച്ചുമാററി ചേരിചേരായ്മയിലൂടെ സമാധാനത്തിനു് ഉറപ്പുവരുത്തുകയെന്ന തൻെറ മുൻഗാമികളുടെ നയം ആത്മാർത്ഥമായും അർപ്പണബോധത്തോടെയും നടപ്പിൽ വരുത്തുമെന്നു് ഈ പ്രസംഗത്തിൽ അദ്ദേഹം സ്പഷ്ടമാക്കി. അതേസമയം, മറുനാടുകളിൽ ത്വരിതമായി സംഭവിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രീയ–സാങ്കേതിക–വിജ്ഞാന–വികസനം ഉപയോഗപ്പെടുത്തി, ആസൂത്രിത പദ്ധതികളിലൂടെ ഉല്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനും, രാജ്യത്തിലെ വിഭവങ്ങൾ മുൻകരുതലോടെ ഉപയോഗപ്പെടുത്തുന്നതിനും, നിർമാണപ്രവർത്തനങ്ങളിൽ ജനങ്ങളെ പങ്കാളികളാക്കുന്നതിനും, ദരിദ്രജന വിഭാഗങ്ങളുടെ ഭാരം ലഘൂകരിക്കുന്നതിനും നിലവിലുള്ള നടപടികൾ പരിഷ്കരിക്കുകയും, പുതിയ പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുമെന്നും അദ്ദേഹം പ്രസ്താവിച്ചു. രാജ്യത്തിനകത്തു് ഐക്യം തകർക്കുകയും, വർഗീയ–പ്രാദേശിക–വികാരങ്ങൾ ഉത്തേജിപ്പിക്കുകയും ചെയ്യുന്ന ഛിദ്രാത്മകശക്തികളെ അമർച്ചചെയ്യുമെന്ന ദൃഢനിശ്ചയം ശ്രീ രാജീവ്ഗാന്ധി പ്രഖ്യാപിച്ചു. ഈ രംഗത്തു വിദേശീയ ശക്തികളുടെ സമ്മർദങ്ങളും ഇടപെടലുകളും അനുവദിക്കുന്നതല്ലെന്നു് അദ്ദേഹം വ്യക്തമാക്കി.

ആഭ്യന്തരഭരണരംഗത്തു്, അഴിമതിക്കാരും അലസരും കാര്യപ്രാപ്തിയില്ലാത്തവരുമായ ഉദ്യോഗസ്ഥർക്കു് സംരക്ഷണം ലഭിക്കുകയില്ലെന്നു ശ്രീ രാജീവഗാന്ധി തുറന്നുപറഞ്ഞു. ചട്ടങ്ങൾക്കനുസരിക്കയല്ല, ഫലം ഉളവാക്കുകയാണ് സർക്കാർ ഉദ്യോഗസ്ഥരുടെ ചുമതല. ജനസേവനം മെച്ചപ്പെടുത്തുന്നതിനായി ഉദ്യോഗസ്ഥർ ധീരമായ നടപടികൾ കൈക്കൊള്ളണമെന്നു് പ്രധാനമന്ത്രി ആവശ്യപ്പെട്ടു. ഒരു പുതിയ 'പ്രവൃത്തി സംസ്കാരം' നിലവിൽ വരുത്തണമെന്നു് അദ്ദേഹം ഉദ്ബോധിപ്പിച്ചു.

ഇന്ത്യ ഉണരുന്നതും ലക്ഷ്യബോധത്തോടെ നിർമാണപ്രവർത്തനങ്ങ

ളിൽ മുഴുകുന്നതും ആപദ്ഘട്ടങ്ങളിലാണെന്ന് ശ്രീ രാജീവഗാന്ധി പ്രസ്താവിച്ചു. രാജ്യത്തു ക്രമസമാധാനങ്ങൾ ഭദ്രമാക്കുകയും, വ്യക്തികൾ തമ്മിൽ അഗാധങ്ങളായ മാനുഷികബന്ധങ്ങൾ സൃഷ്ടിക്കുകയും അങ്ങനെ ജീവത്തായ ഒരു ഐക്യബോധം സൃഷ്ടിക്കുകയും ചെയ്യുന്ന സാമൂഹിക ഇച്ഛാശക്തി ഇന്നത്തെ കുഴപ്പങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞുവരുമെന്ന് അദ്ദേഹം ആശിച്ചു.

വിദേശീയരംഗത്തു ചേരിചേരായ്മ, സാമ്രാജ്യത്വവിരോധം, സഹവർത്തിത്വം, അണ്വായുധനിരോധം, ലോകസമാധാനം എന്നീ ലക്ഷ്യങ്ങളിലുള്ള ഇന്ത്യയുടെ പ്രതിബദ്ധത ശ്രീ രാജീവഗാന്ധി എടുത്തുപറഞ്ഞു. അമേരിക്കയോടും സോവിയററ്യൂണിയനോടും മാത്രമല്ല ചൈനയോടും പാകിസ്ഥാനോടും മൈത്രി പുലർത്തുവാനുള്ള ആഗ്രഹം അദ്ദേഹം വ്യക്തമാക്കി. അറബിരാഷ്ട്രങ്ങളോടും, തെക്കുപടിഞ്ഞാറേഷ്യയിലും തെക്കുകിഴക്കേഷ്യയിലും വിദൂര പൗരസ്ത്യപ്രദേശത്തും ശാന്തസമുദ്രപ്രദേശത്തും ആഫ്രിക്കയിലും ലാററിനമേരിക്കയിലും കരീബിയൻ പ്രദേശത്തും കിഴക്കും പടിഞ്ഞാറും യൂറോപ്പിലുള്ള രാജ്യങ്ങളോടും ഗാഢതരങ്ങളായ രാഷ്ട്രീയ—സാമ്പത്തികബന്ധങ്ങൾ സ്ഥാപിക്കുവാൻ ഇന്ത്യയ്ക്കു താല്പര്യമുണ്ടെന്ന് ശ്രീ രാജീവഗാന്ധി പ്രസ്താവിച്ചു. എല്ലാ അയൽരാജ്യങ്ങളുമായി സമാധാനത്തിൽ വർത്തിക്കാനും സഹകരണം പുലർത്താനും ഇന്ത്യ ആഗ്രഹിക്കുന്നു. ഈ സഹകരണം സമത്വാധിഷ്ഠിതവും പരസ്പരം പ്രയോജനകരവുമായിരിക്കണം. ഇക്കാര്യത്തിൽ കമ്യൂണിസ്റ്റ്ചേരിയെന്നോ മുതലാളിത്തച്ചേരിയെന്നോ ഉള്ള വ്യത്യാസം അദ്ദേഹം പരിഗണിക്കുകയുണ്ടായില്ല.

ശ്രീ രാജീവഗാന്ധിയുടെ ആദ്യത്തെ ഈ നയപ്രഖ്യാപനപ്രസംഗത്തിൽ പുതിയതോ അപ്രതീക്ഷിതമോ ആയി വളരെയൊന്നും ഉണ്ടായിരുന്നില്ല. ജവാഹർലാൽ നെഹ്റു ആവിഷ്ക്കരിച്ചതും ഇന്ദിരാഗാന്ധി അനുവർത്തിച്ചതുമായ ആഭ്യന്തര—ബാഹ്യനയങ്ങൾ ഇന്നും പ്രസക്തങ്ങളാണെന്ന് ഊന്നിപ്പറയുകയും, അവയെ പിൻതുടരാനുള്ള തൻെറ ദൃഢനിശ്ചയം പ്രഖ്യാപിക്കുകയുമാണ് അദ്ദേഹം ചെയ്തതു്. ഇന്ത്യൻ രാഷ്ട്രതന്ത്രത്തിൻെറ അടിസ്ഥാനപ്രമാണങ്ങളായ ജനാധിപത്യം, മതനിരപേക്ഷത, സോഷ്യലിസം, ചേരിചേരായ്മ എന്നിവയ്ക്ക് അദ്ദേഹം വീണ്ടും ഊന്നൽകൊടുത്തു; ഇന്ത്യയെ രാഷ്ട്രീയമായും സാങ്കേതികമായും ആധുനികീകരിക്കുവാനുള്ള നിശ്ചയം ആവർത്തിക്കുകയുംചെയ്തു. ഇവയിൽ, ഇന്നത്തെ ഇന്ത്യയിൽ ഏററവുമധികം സമ്മർദ്ദത്തിനു വിധേയമായിട്ടുള്ളതു ജനാധിപത്യമെന്ന ആദർശമാണ്. ഭരണഘടന വാഗ്ദാനംചെയ്യുന്ന മൗലികാവകാശങ്ങളെ സംരക്ഷിക്കുകയും, അതേസമയം ജനാധിപത്യമെന്നാൽ ക്രമസമാധാനസംസ്ഥാപനംകൂടിയാണെന്നു തെളിയിക്കുകയും ചെയ്യേണ്ടതെങ്ങനെ എന്നതായിരിക്കും, വരുന്ന തെരഞ്ഞെടുപ്പിൽ വിജയം നേടുന്നപക്ഷം, ശ്രീ രാജീവഗാന്ധിയെ നേരിടുന്ന ഏററവും പ്രധാനമായ ആഭ്യന്തരപ്രശ്നം. ഭരണം പരമാവധി കുത്തഴിഞ്ഞുപോവുകയും, ഏതു തെമ്മാടിത്തത്തിനും പൂർണ്ണസ്വാതന്ത്ര്യം കൈവരികയും ചെയ്തിട്ടുള്ള ഇന്നത്തെ ആഭ്യന്തരരംഗമായിരിക്കും, ഒരുപക്ഷേ, പ്രധാനമന്ത്രിയെന്നനിലയിൽ ശ്രീ രാജീവഗാന്ധി ഉത്തരം നൽകേണ്ട ഏററവും വലിയ വെല്ലുവിളി. ക്ഷുബ്ധമായ ഈ കാലഘട്ടത്തിൽ രാജ്യത്തിൻെറ ഐക്യവും അഖണ്ഡതയും അന്യൂനമായി നിലനിർത്താൻ കഴിഞ്ഞാൽ അതുതന്നെ അദ്ദേഹത്തിൻെറ വലിയ നേട്ടമായി ചരിത്രം രേഖപ്പെടുത്താതിരിക്കുകയില്ല.

മിതവും സംക്ഷിപ്തവുമെങ്കിലും സശ്രദ്ധവും നിർമാണപരവുമായിരുന്നു പ്രധാനമന്ത്രി രാജീവഗാന്ധിയുടെ നവംബർ 12—ലെ പ്രസംഗം.

'രാഷ്ട്രം അദ്ദേഹത്തിന്റെ കൈയിൽ സുരക്ഷിതമാണ്'' എന്നു യുവാവായിരുന്ന ജവാഹർലാലിനെപ്പററി മഹാത്മാഗാന്ധി പ്രസ്താവിക്കുകയുണ്ടായി. ഗാന്ധിജിയുടെ ഈ പ്രവചനം ജവാഹർലാലിന്റെ ദൗഹിത്രനെ സംബന്ധിച്ചും പ്രസക്തമായിക്കൂടെന്നില്ലെന്ന ബോധമാണ്, ആ പ്രസംഗം കേട്ടുകൊണ്ടിരിക്കെ, എന്നിൽ ഉളവായത്. 'ഭാഗ്യായത്ത മതഃപരം.....'

(16 നവംബർ, 1984)

# 31. ജനവിധി ദൈവവിധി

എഴുതിക്കഴിഞ്ഞ സ്ഥിതിക്ക് മാററുന്നില്ല. ശരിക്ക് ഈ ലേഖനത്തിന്റെ ശീർഷകം 'ദൈവവിധി ജനവിധി' എന്നാണ് വേണ്ടിയിരുന്നത്. കാരണം, ശ്രീ രാജീവഗാന്ധിയെ സംബന്ധിച്ചിടത്തോളം ദൈവവിധിയാണ് ആദ്യം വെളിപ്പെട്ടത്. ദൈവവിധിയെ അടിവരയിട്ട് ഉറപ്പിക്കുക മാത്രമേ പിന്നീടുവന്ന ജനവിധി ചെയ്തിട്ടുള്ളൂ.

എല്ലാവർക്കും അറിയാവുന്നതുപോലെ, സക്രിയരാഷ്ട്രീയത്തിൽ പ്രവേശിക്കുവാൻ രാജീവഗാന്ധിക്കു താല്പര്യമുണ്ടായിരുന്നില്ല. ജോലിയും കുടുംബവുമായി ഒതുങ്ങി കഴിയാനാണ് ആ യുവാവ് ആഗ്രഹിച്ചിരുന്നത്. അനുജൻ സഞ്ജയഗാന്ധി വിമാനം തകർന്ന് അകാലമൃത്യുവിന് ഇരയായിട്ടില്ലെങ്കിൽ ജ്യേഷ്ഠൻ രാജീവഗാന്ധി ഇപ്പോഴും ഇന്ത്യപ്പെട്ടക ഒരു മഹാരാഷ്ട്രത്തിന്റെ നിയന്ത്രണത്തേക്കാളേറെ ഒരു വിമാനത്തിന്റെ നിയന്ത്രണമാകുമായിരുന്നു.

ദാരുണമായ ഒരു കുടുംബദുരന്തത്തെത്തുടർന്ന്, കർത്തവ്യനിരതനായ പുത്രൻ എന്ന നിലയിൽ, അമ്മയെ സഹായിക്കുകയെന്ന പരിമിതമായ ലക്ഷ്യവുമായി രാഷ്ട്രീയത്തിലേക്ക് മടിച്ചുമടിച്ചു കടന്നുവന്ന രാജീവഗാന്ധിക്ക്, ക്രൂരമായ മറെറാരു രാഷ്ട്ര–ദുരന്തത്തിൻഫലമായി, ധീരനായ ഒരു ദേശസേവകൻ എന്ന നിലയിൽ, ഒരു സായാഹ്നത്തിൽ, എഴുപത്തിനാലര കോടി ജനങ്ങളുടെ ഭാഗധേയത്തിന്റെ നിയന്ത്രണം ഏറെറടുക്കേണ്ടിവന്നു. ഇന്ദിരാഗാന്ധി വധിക്കപ്പെട്ടിരുന്നില്ലെങ്കിൽ, രാജീവഗാന്ധി ഇപ്പോഴും കോൺഗ്രസ് സംഘടനയുടെ പല സെക്രട്ടറിമാരിൽ ഒരാളായി, പാർലമെന്റിലെ പല ബെഞ്ചുകളിലൊന്നിൽ ഇരിക്കുകയേ ചെയ്യുമായിരുന്നുള്ളൂ.

രാജീവഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിയാകണമെന്നത്, സ്പഷ്ടമായും, ദൈവവിധിയായിരുന്നു.

പക്ഷേ, ചുമതല തന്റെ ചുമലുകളിൽ ചുമത്തപ്പെട്ടപ്പോൾ, അതു താങ്ങുന്നതിനുള്ള സന്നദ്ധതയും പ്രാപ്തിയും പക്വതയും തനിക്കുണ്ടെന്ന് രാജീവഗാന്ധി വെളിപ്പെടുത്തി. ഇന്ദിരാഗാന്ധിയുടെ നിര്യാണത്തെത്തുടർന്നുള്ള ഏതാനും ദിവസങ്ങൾക്കകം, രാജീവഗാന്ധിയുടെ സുന്ദരമായ പ്രതിച്ഛായ ഇന്ത്യയിലെ ജനകോടികളുടെ ഹൃദയങ്ങളിൽ മായാതെ പതിഞ്ഞു.

സങ്കല്പത്തിന് അതീതമായ വേഗത്തിലായിരുന്നു കാര്യങ്ങളുടെ നീക്കം. പൊതുതെരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെട്ടപ്പോൾ, അതിന്റെ ഫലം എന്തായിരിക്കുമെന്ന കാര്യത്തിൽ ആർക്കും ഉറപ്പുണ്ടായിരുന്നില്ല. നീണ്ട പതിനാറു വർഷങ്ങളിലെ സംഭവബഹുലമായ വാഴ്ചക്കാലത്ത്